# തനിയാവർത്തനം

മേടമാസത്തിലെ ഒരു സായാഹ്നമാണ്, തലസ്ഥാ നഗരിയിലെ.........

മാനം ചെഞ്ചായംപൂശിയതാണ്, ഏറെ തെളിമയോടല്ല, ബംഗാൾ ഉൽക്കടലിൽ രൂപം കൊണ്ട ന്യൂനമർദ്ദത്തിന്റെ ഫലമായി കാറുമൂടിയതാണ്. വടക്കൻ ഭൂദേശങ്ങളിൽ അത് മഴയായി പെയ്തൊഴിയുന്നുണ്ടെങ്കിലും ഇവിടെ അങ്ങിനെ ഉണ്ടായില്ല. അതിന്റേതായ അധികമായ ചൂടുണ്ട്.

മെഡിക്കൽ കോളേജ് കാഷ്വാലിറ്റിയുടെ മുന്നിൽ, പാതക്കിരുപുറവും വഴിവാണിഭക്കാരുടെ തിരക്ക് വർദ്ധിച്ചിരിക്കുന്നു. കൂടുതലും നിത്യോപയോഗ സാധനങ്ങളുടെതാണ്. കൂടാതെ ആശുപത്രിയിലേക്ക് വേണ്ട പായ, തലയിണ,തോർത്ത് തുടങ്ങി.........

പുലർച്ചയിൽ അവിടെമാകെ പ്രഭാത ഭക്ഷണത്തിന്റെ കച്ചവടക്കാരായിരുന്നു; പുട്ടും കടലയും, അപ്പവും മുട്ടക്കറിയും, ബറോട്ടയും, ഇടിയപ്പവും വില്ക്കുന്നവർ അടുത്തുള്ള ചേരിയിലെ നിവാസികളാണ്. ഇതെല്ലാം കണ്ട്, ബാൽക്കണിയിൽ, തന്റെ വാടകമുറിയുടെ മുന്നിൽ കസേരയിൽ ഇരിക്കുകയാണ് സുനിൽ.

മേൽത്തരമായ ആ ടൂറിസ്റ്റ് ഹോമിന്റെ രജിസ്റ്ററിൽ, താമസ്സക്കാർ വിലാസമെഴുതി, റീസൺ ഓഫ് വിസിറ്റ് കോളത്തിൽ ശ്രീചിത്രയെന്നോ, ആർ സീ സി എന്നോ പുരുപ്പിക്കാറുണ്ട്. സുനിലും ആ പതിവ് തെ

റ്റിയ്ക്കാതെ ശ്രീചിത്രയെന്നാണ് എഴുതിയത്.

ഇപ്പോൾ മാത്രം ബാൽക്കണിയിൽ പ്രത്യക്ഷപ്പെട്ട ആ പെൺക്കുട്ടിയെ സുനിൽ സാകൂതം നോക്കിയിരുന്നു. അവൾ അടുത്ത മുറിയിൽ നിന്നുമാണ് ഇറങ്ങിവന്നത്. കഴിഞ്ഞ മൂന്നു ദിവസങ്ങളിലും അവൻ ഈ സമയത്ത് ബാൽക്കണിയിൽ ഇരിക്കാറുണ്ടായിരുന്നെങ്കിലും അടുത്ത മുറികളിലെ ആരെയും ശ്രദ്ധിക്കുകയുണ്ടായിരുന്നില്ല. അവരിലാരും അവനെയും ശ്രദ്ധിച്ചിരുന്നില്ല എന്നതും സത്യം.

പെൺക്കുട്ടിക്ക് വട്ടമുഖമാണ്. വളരെ ചെറിയകണ്ണുകളും, വിളറിയതുപോലെയുള്ള വെളുപ്പും; ഒരു ജാപ്പനീസ് പാവക്കുട്ടിയെപ്പോലെ. പക്ഷെ, അസാധാരണമായ പ്രസരിപ്പുണ്ട്.

മുറിയിൽ അവൾ കളിച്ചിരുന്ന പന്ത് തുറന്നുകിടന്നിരുന്ന വാതിൽ വഴി പുറത്ത് വന്ന് ബാൽക്കണി വിട്ട് താഴേയ്ക്ക് വീണതുകൊണ്ടാണ് പുറത്ത് വന്നത്. പന്ത് താഴേയ്ക്ക് വീണതുകണ്ട അവളുടെ മുഖത്ത് വിഷാദം നിറയുന്നത് സുനിൽ കണ്ടു.

അവളെ കസേരയിൽ ഇരുത്തി താഴെ നിന്നും പന്തെടുത്തു കെടുത്തപ്പോൾ അവളുടെ ചുണ്ടുകളിൽ മാത്രമല്ല ചിരി വിരിഞ്ഞത്, കൺകളിൽ നിറഞ്ഞുനിന്നിരുന്ന കണ്ണീർ മുത്തുകളിലും കൂടിയാണ്.

‘‘താങ്ക്സ് അങ്കിൾ.......’’

‘‘ഓകെ.............മോളുടെ പേരെന്താണ് ?’’

‘‘ജ്യോതിമോൾ.’’

അവൾ മുറിയിലേയ്ക്ക് നടക്കാൻ തുടങ്ങിയിട്ട് തിരി ച്ചെത്തി തിരക്കി.

‘‘അങ്കിളിന്റെപപ്പയ്ക്കുംസുഖമില്ലാഞ്ഞാണോ അങ്കിളും വന്നത്?’’

‘‘അല്ലല്ലോ ’’!

‘‘മോളുടെ പപ്പയ്ക്ക് സുഖമില്ല. ഓപ്പറേഷനാ......’’

ആ കുഞ്ഞുമുഖം വീണ്ടും വിഷാദം പൂണ്ടു.

കാർമേഘങ്ങൾ സൂര്യനെ മൂടുകയാണ് കാഷ്വാലിറ്റിയുടെ മുന്നിൽ ലൈറ്റുകൾ തെളിഞ്ഞിരിയക്കുന്നു.

റസ്റ്റോറണ്ടുകാരുടെ രജിസ്റ്ററിൽ റീസൺ ഓഫ് വിസിറ്റിംഗ് കോളത്തിൽ ‘ശ്രീചിത്ര’ യെന്നെഴുതിയെങ്കിലും ശ്രീചിത്രയിൽ അഡ്മിറ്റ് ചെയ്ത രോഗിയുടെ പരിചാരകനായെത്തിയതായിരുന്നില്ല സുനിൽ. ഡോക്ടർ സുനന്ദയുടെ ഒരു വിസിറ്റിംഗ് കിട്ടുന്നതിനുവേണ്ടി, മോബൈൽ നമ്പർ കൊടുത്ത് കാക്കുകയാണ്,

കഴിഞ്ഞ മൂന്നുദിവസങ്ങളിലും. വ്യവസ്ഥ പ്രകാരം ഇനിയും നാലു ദിവസങ്ങൾ കൂടിയുണ്ട് ആ കാത്തിരിപ്പിന്റെ ദൈർ ഘ്യം. നാലു ദിവസങ്ങളിൽ ഒരിക്കൽ പോലുംസുനിലിന്റെമോബൈലിലേക്ക്സുനന്ദയുടേ

ഒരു കോളും വന്നില്ലെങ്കിൽ സുനിലിന് മടങ്ങാം, ഇനിയും ഒരിയ്ക്കലും സുനന്ദയെ കാണാതെ.

മൂന്നു വർഷമായി നീണ്ടുനില്ക്കുന്ന നിയമ യുദ്ധത്തിന്റെ ഒടുവിൽ മജിസ്റ്റ്രേറ്റ് എഴുതാനിരിക്കുന്ന വിധിക്കുമുമ്പ് അനുവദിച്ച ഒരോയൊരു ഔദാര്യം. രണ്ടുവക്കീലുമാരുടെയും അനുരഞ്ജന സംഭാഷണത്തിലൂടെ ഒത്തുചേരാൻ തരപ്പെട്ടുമെങ്കിൽ......

ഡോക്ടർ സുനന്ദ അതാഗ്രഹിക്കുന്നില്ലെങ്കിലും, ഭാഷയിലെ ഒരു പ്രധാന ദിനപത്രത്തിന്റെ സബ് എഡിറ്റർ സുനിൽ കുമാർ ഇഷ്ടപ്പെടുന്നുണ്ട്. ഒത്തുച്ചേരൽ, തോൽവിയാണെങ്കിലും, ഇനിയുമുള്ള ജീവിതകാലം മുഴുവൻ സുനന്ദയുടെ ഗർവ്വിന് മുന്നിൽ തലകുനിക്കേണ്ടി വരുമെന്നറിയുമെങ്കിലും, ബഡ്റൂമിന്റെ വാതിൽ ഒരിക്കലും തുറക്കില്ലെങ്കിലും, അറിവിന്റെ ലോകത്തേക്ക് കടന്നു വരുന്ന മകന്റെസാമിപ്യം ആസ്വദിച്ച്, പത്മവ്യൂഹത്തിന്റെ ഊരാകുടുക്കുകളെ വ്യക്തമാക്കിക്കൊടുത്തുകൊണ്ട്..............

ബാല്യം വിട്ടതേയുള്ളുവെങ്കിലും അവന് തന്നെ മനസ്സിലാകുന്നുണ്ടെന്നാണ് അവന്റെ കത്തുകൾ സൂചിപ്പിയ്ക്കുന്നത്. പക്ഷെ, അവനൊരിക്കലും അമ്മയെ തള്ളിപ്പറഞ്ഞിട്ടില്ല. തള്ളിപ്പറയണമെന്ന് താൻ ആഗ്രഹിച്ചിട്ടുമില്ല.

മധുവിധു നാളുകളിൽപോലും സുനന്ദ ഒരു തുറന്ന മനസ്ഥിതി കാണിച്ചിട്ടില്ല. ഒരു ചടങ്ങെന്നതുപോലെയുള്ള പെരുമാറ്റമേ ഉണ്ടായിട്ടുള്ളൂ,കിടക്കയിൽപോലും.......

രഹസ്യമായിട്ടുതന്നെ അന്വേഷണങ്ങളും,നിരീക്ഷണങ്ങളും നടത്തിയിട്ടുള്ളതാണ്.പക്ഷെ, എന്താണ് സുനന്ദയെന്ന് കണ്ടെത്താനായില്ല.

പക്ഷെ, സമൂഹമദ്ധ്യത്തിൽ മാന്യമായി നില്ക്കുന്ന സമയത്തുതന്നെ ഡൈവോഴ്സ് നോട്ടീസ് വിശ്വസിക്കാനാവാത്തതായിരുന്നു. അതും ഒരു വീട്ടിൽതന്നെതാമസ്സിക്കെ, ഫ്രം അഡ്ഡ്രസ്സും ടു അഡ്ഡ്രസ്സും ഒരു വീട്ടുപേരിൽതന്നെ ആയിരിയ്ക്കെ.....

അനുരഞ്ജനത്തിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് നോക്കിയത്; വക്കീൽമാരും ബന്ധുക്കളും, സുഹൃത്തുക്കളും, സൊസൈറ്റിയിലെ ഉന്നതരും............

ആ അവസ്ഥയിൽ ആറുമാസക്കാലം ഒരു വീട്ടിൽ തന്നെ കഴിഞ്ഞതിനുശേഷമാണ് സഹിക്കാനാവാതെ, ഏറ്റവും വടക്കുള്ള എഡിഷനിലേക്ക് ട്രാൻസ്ഫർ വാങ്ങിപ്പോയത്.

പിന്നീടൊരിക്കലും ആ മുഖം കണ്ടിട്ടില്ല; എപ്പോഴും ശാന്തത തങ്ങുന്ന ഗൗരവം മുറ്റിയ, ഒരു നേർത്ത പുഞ്ചിരി സൂക്ഷിക്കുന്ന, ഒറ്റ നോട്ടത്തിൽ തന്നെ ആരെയും ആകർക്ഷിക്കുന്ന.........

ഒരിക്കലും ആ ശബ്ദം കേട്ടിട്ടില്ല; സ്ഫുടമായ,നിർത്തിനിർത്തിയുള്ള......

ശാരീരികമായി, മാനസ്സീകമായി വിവാഹജീവിതം മടുത്തു എന്ന ഒരൊറ്റ ഡൈവോഴ്സ് റീസൺ കാരണമാകാം ഒരു അനുരഞ്ജന സംഭാഷണം കൂടി മജിസ്ട്രേറ്റ് അനുവദിച്ചതെന്നു തോന്നുന്നു.

ഇനിയും നാലുദിവസങ്ങൾ കൂടിയാണുള്ളത്.

ബുധൻ മുതൽ ശനി വരെ.........

മദ്യപാനവും പുകവലിയും സുനിലിന്റെ വീക്ക്നസ്സു കളായിട്ടില്ല.പക്ഷെ, യാതൊരു പ്രലോഭനങ്ങളും കൂട്ടുകളുമില്ലാതെ രണ്ടു പെഗ്ഗ് കഴിച്ചെന്നിരിക്കാം. അപൂർവ്വം ദിവസങ്ങളിൽ രണ്ടോ മൂന്നോ സിഗററ്റുകൾ വലിച്ചെന്നിരിക്കാം.

ബുധനാഴ്ച നേരം പുലർന്നു പ്രഭാതകർമ്മങ്ങൾക്കുശേഷം കാത്തിരിപ്പുതുടങ്ങിയപ്പോൾ ഒരു കൂട്ടുവേണമമെന്നുതോന്നി, മദ്യം. ഒരു സഹകാരിയെ വേണമെന്നു തോന്നി, പുക.

അലോരസം കുറഞ്ഞ ബ്രാന്റ് എത്തിച്ചുകൊടുത്തത് റൂം വെയിറ്ററാണ്. ആവശ്യത്തിന് വെള്ളവും ഐസ്ക്യൂബുകളും എത്തിച്ചുകൊടുക്കുമ്പോൾ വെയിറ്ററുടെ മുഖത്ത് സംശയത്തിന്റെ ഒരു നിഴൽ കാണാമായിരുന്നു, ഒരാത്മഹത്യയെ അവൻ പ്രതീക്ഷിച്ചതാകാം.

സായാഹ്നം എത്തുംവരെ കൃത്യസമയങ്ങളിൽ ഭക്ഷണം കഴിക്കുകയും മദ്യത്തിന്റെ ലഹരി കുറയാതെ സൂക്ഷിക്കുകയും ചെയ്തു.

ബാൽക്കണിയിൽ ഇരുള് വീണുതുടങ്ങിയപ്പോഴാണ് സൗഹൃദവുമായിട്ട്ജ്യോതിമോളും അമ്മ സിന്ധുവുമെത്തിയത്.

മദ്യത്തിന്റെ ആയാസകരമായ ലഹരിയിൽ, ഊഞ്ഞാൽ കട്ടിലിലെചാഞ്ചാട്ടം ആസ്വദി ക്കുംപോലെ ആലസ്യമാണ്ടിരുന്ന സുനിലിന് ആദ്യം അരോചകമായിട്ടാണ് തോന്നിയത്. പക്ഷെ, സിന്ധുവിന്റെ കഥകൾ അവനിൽ ജിജ്ഞാസയായി, ആലസ്യംവിട്ട് മനസ്സുണർന്നു വന്നു.

സിന്ധുവിന്റെ മുത്തശ്ശി പറഞ്ഞ കഥ: മുത്തശ്ശി പറയുമ്പോൾ സിന്ധുവിന് പത്തുവയസ്സാണ്.

മുത്തശ്ശിയുടെ, കുണ്ഡലമിട്ട് വലുതായകാതുകൾ തോളത്ത് മുട്ടുമായിരുന്നു. ഒറ്റമുണ്ടുടുത്ത്, നേര്യതു പുതച്ചു നടക്കുന്ന മുത്തശ്ശിക്ക് എല്ലുംതോലുമേ ഉണ്ടായിരുന്നുള്ളൂ. കണ്ണിന് മൂടലും ചെവിക്ക് കേൾവിക്കുറവും പ്രായവുമായി ബന്ധവുമില്ലാതെയിരുന്നു.

-സിന്ധുമോളെ നിന്റെ മുത്തശ്ശൻ തറവാട്ടില് വന്നത് ഒരു സന്ധ്യക്കായിരുന്നു. അന്ന് വല്യമ്മാവന്റെ പ്രതാപകാലം, എനിക്ക് വയസ്സ് ഇരുപതാ. തറവാട്ടിലെ ഒറ്റ പെണ്ണും പതിനെട്ട് കഴിഞ്ഞ് സംബന്ധം ആവാതെ നിന്നിട്ടില്ല. എന്റെ ജാതകത്തില് ഇരുപതുകഴിഞ്ഞേ നടക്കുന്നുണ്ടായിരുന്നു.

- ആ തറവാട് ഏതോ കോട്ടയത്തുകാര് ക്രിസ്ത്യാ

നികള് പൊളിച്ചു വില്ക്വാരുന്നു നാലുകെട്ടിലും പടിപ്പെരേലുമായിട്ട് അമ്പതുപേരുവരെ താമസ്സിച്ചിരുന്നത്രേ............ എന്റെ ഓർമ്മയൊള്ള കാലത്ത് ഇരുപതുപേരൊക്കെവരും, പെണ്ണുങ്ങളും കുട്ട്യോളും അമ്മാവൻമ്മാരും അനന്തരവന്മാരുമായിട്ട് . കിട്ടുണ്ണിനായരെന്ന വല്യമ്മാവ

നോട് എല്ലാർക്കും സ്നേഹോം ബഹുമാനോമായിരുന്നു. ആൾക്കും അങ്ങിനെതന്നാർന്നു, എല്ലാരോടും.

- നിന്റമ്മേടെ കുഞ്ഞമ്മാവൻ കേശുനായര്. തിരുവിതാംകൂറിലെ പടനായകനായിരുന്നു. ഒരാറടിപൊക്കം ഒത്തവണ്ണം നല്ല നെറോം. ആരും

കൊതിച്ചു പോകുന്ന സ്വഭാവോം... അങ്ങേരുടെ ഉറ്റ സുഹൃത്തും പടനായരുമായിരുന്നു, നിന്റെ മുത്തശ്ശൻ അച്ചുനായര.് പടയിൽനിന്നും ഇളവിന് കുഞ്ഞമ്മാവന്റെ കൂടെ പത്തുനാൾ പാർക്കാൻ വന്നതായിരുന്നു.വലിപ്പത്തിലും കാണാനും അമ്മാവന്റെ കട്ടക്കട്ടെ നില്ക്കും......

- ഒന്നുരണ്ടുദിവസം കുളിക്കടവിലും അമ്പലനടയിലും ഊണുമുറിയിലുമൊക്കെ വച്ച് ആളെ കണ്ടു. രണ്ടിന്റെ അന്ന് കിടക്കാന്നേരം അമ്മ പറഞ്ഞു പിറ്റേന്ന് അമ്പലത്തിൽവച്ച് ആ നായര് പുടവ തരുമെന്ന്.........

- പത്തുനാള് ഇളവെന്നത് ഒറ്റ ദിവസം പോലും കൂട്ടിക്കിട്ടിയില്ല, എട്ടു ദിവസം കൂടെക്കഴിഞ്ഞു.

- തിരികെപ്പോയ അയാളെ പിന്നീട് കണ്ടിട്ടില്ല. ശേഷം കിട്ടിയ ഇളവുകളിലെന്നും അയാൾ അമ്മാവന്റെ കൂടെ തറവാട്ടിൽ വന്നില്ല. മറ്റേതെങ്കിലും മിത്രത്തിന്റെ കൂടെ മറ്റേതെങ്കിലും തറവാട്ടിൽ പോയിട്ടുണ്ടാകാം........

അമ്മയുടെ അനുഭവം:- സമപ്രായക്കാരായ നാലഞ്ചുബന്ധുക്കളായ സ്നേഹിതകളെ വിട്ടുപിരിഞ്ഞതിന്റെ വേദനയാണ് തറവാട് വിറ്റപ്പോൾ അമ്മക്കുണ്ടായത്. അപ്പോൾ മൂന്നുകുടുബങ്ങൾ തറവാട്ടിൽ ഉണ്ടായിരുന്നു. അവകാശികളായിട്ടുണ്ടായിരുന്ന മറ്റു കുടുബങ്ങൾ നാട്ടിൽ തന്നെ പലയിടത്തും, അന്യനാടുകളിലും, വിദേശത്തുമായിരുന്നു.

ഭാഗത്തിൽ കിട്ടിയ പണം കൊണ്ട് മുത്തശ്ശി വാങ്ങിയതായിരുന്നു ഈ തൊടിയും രണ്ടുമുറികളുള്ള ഓല മേഞ്ഞവീടും. പിന്നീട് മുത്തശ്ശിക്ക് ദുരിതങ്ങളുടെ ഘോഷയാത്രയായിരുന്നു, മകൾ നളിനിയമ്മ ഹൈസ്ക്കൂൾ അദ്ധ്യപികയാകുംവരെ.

അമ്മ, നളിനിയമ്മ കണ്ടും കേട്ടും അനുഭവിച്ചും തികഞ്ഞൊരു പ്രായോഗികബുദ്ധിമതിയെന്ന് പരക്കെ അംഗീകരിക്കപ്പെട്ടിരുന്നു. സഹപ്രവർത്തകനായ അദ്ധ്യാപകനെ വിധിപ്രകാരം തന്നെ വിവാഹം ചെയ്യുകയും ഉറപ്പിനായിട്ട് മാര്യേജ് ആക്ട്പ്രകാരം വിവാഹ ഉടമ്പടി രജിസ്റ്റർ ചെയ്യുകയും ചെയ്തപ്പോൾ സഹഅദ്ധ്യാപികമാർ അഭിനന്ദിക്കുകയും ചെയ്തു.

ആ ദാമ്പത്യം സന്തോഷത്തിന്റെ തിരത്തല്ലലിൽ തീരങ്ങൾക്കുണ്ടാകുന്ന അനുഭൂതിപ്പോലെ കാണികൾക്ക് ഹർഷോന്മാദം ഉണ്ടാക്കുന്നതായിരുന്നു. പക്ഷെ,

സർക്കാർ സ്ക്കൂളിലെ സ്ഥലമാറ്റങ്ങളിൽപ്പെട്ട് രണ്ടാളും അകന്നുപോവുകയും അപ്രതീക്ഷിതമായിട്ട് ഭർത്താവിന്റെ വിവാഹ മോചനനോട്ടീസ് കിട്ടുകയും ചെയ്തപ്പോൾ നളിനിയമ്മ കൂടുതൽ കർക്കശയാവുകയും വിദ്യാർത്ഥികളുടെ പേടി സ്വപ്നമാവുകയും ചെയ്തു.

സിന്ധുവിന്റെ ദുർനിമിത്തം:- സിന്ധുവിനും റോയിക്കും തമ്മിൽ നീണ്ട ഏഴുവർഷത്തെ പരിചയമുണ്ടായിരുന്നു, നൂറുകണക്കിന് കത്തുകളുടെ അകമ്പടിയും; കോളേജ് ജീവിതം തുടങ്ങുമ്പോൾ മുതൽ പോസ്റ്റ് ഗ്രാജ്വേഷൻ കഴിയും വരെ.

ഒരു കാമ്പസ് പ്രണയം; അതിലധികരിച്ചൊന്നും ആരും നിനച്ചിരുന്നില്ല. വല്ലപ്പോഴും കോഫിഹൗസിൽ, അല്ലെങ്കിൽ ഐസ്ക്രീം പാർലറിൽ, ഓരോ കപ്പ് ചായയ്ക്കുമുന്നിൽ, ഐസ്

ക്രീമിന് മുന്നിൽ...........ക്ലാസ്സിലെ ടോപ്പ് മാർക്കുകാരുടെ ഒരു സൗഹൃദം......സൊള്ളൽ........

പക്ഷെ, ഒരേ കോളേജിൽ അദ്ധ്യാപകരായെത്തി, ഒരു ഡിപ്പാർട്ടുമെന്റിൽ അടുത്തടുത്ത കസേരകളിൽ ഇരിക്കവെ, വിവാഹം പരസ്യം ചെയ്തപ്പോൾ പലരും അമ്പരന്നു.

നാട്ടിലെ ശ്രേഷ്ഠമായൊരു റോമൻ കത്തോലിക്ക കുടുംബത്തിലെ അംഗമായ റോയിയും - റോയിയുടെ പിതൃക്കൾ നമ്പൂരിമാരായിരുന്നുവത്രെ.........................

അന്യംനിന്ന നായർ തറവാട്ടിലെ സിന്ധുവും..........

ഇഷ്ടപ്പെട്ടില്ല ആർക്കും.

എന്നിട്ടും വിവാഹിതരായി. ആരും വാളെടുത്തു തുള്ളിയെത്തിയില്ല. പക്ഷെ, ആരും സഹകരിച്ചില്ല, കോളേജിലെ സഹപ്രവർത്തകരും കുറച്ച് സ്നേഹിതരുമൊഴികെ..........

വാടകവീട്ടിൽ ജീവിതം സുഖപൂർണ്ണവും സംപുഷ്ടവുമായിരുന്നു. രണ്ടുപേർക്കും ജോലി, ആവശ്യത്തിലധികം പണം, സഹകരണത്തിന് സ്നേഹിതർ..............

പക്ഷെ,മകളുണ്ടായപ്പോൾ ഒരു ബന്ധുവിന്റെ  സഹായത്തിന്റെ വിടവ് കണ്ടു. അതുനികത്തിയത് എബ്ലോയിമെന്റ്  സർവ്വീസുകാര് അയച്ചുതന്നിരുന്ന ഹൗസ്സ് മെയിഡിനെക്കൊണ്ടാണ്. മാസത്തിലൊരിക്കൽ ആളുമാറുമെന്നത് ഒരുകമ്മ്യൂണിക്കേഷൻ വിടവായിരുന്നെങ്കിലും ബാധ്യതകളില്ലെന്നത് സമാധാനമാണ്.

മകൾ കിന്റർ ഗാർഡനിൽപോയിതുടങ്ങിയപ്പോൾ ഹൗസ്മെയിഡിന്റെആവശ്യമില്ലാതായി, ഒരുപാർട്ട്ടൈംസേർവന്റ് മതിയെന്നായി, പണവും ലാഭം................

പക്ഷെ, റോയിക്ക് ഒരറ്റാക്ക്.

അപ്പോഴാണ് നിസ്സഹായമായ അവസ്ഥഗ്രഹിക്കാനായത്.

സ്നേഹിതർക്ക് ലിമിറ്റുകളുണ്ട്, ജീവിതതിരക്കിനിടയിൽ കുടുംബകാര്യങ്ങൾ നോക്കാൻ കുടുംബനാഥൻ മാത്രമേയുള്ളൂ എന്നിരിക്കെ, അതുകളെല്ലാം കഴിഞ്ഞിട്ട് സുഹൃത്തിന്റെ അടുത്തെത്താൻ, ആഗ്രഹമില്ലാഞ്ഞിട്ടല്ല, നടക്കാതെ വരുന്നു.

കൂടാതെ സ്നേഹിതന് സഹായം ആവശ്യമായിരിക്കുന്നത് വളരെ അകലെയുള്ള ഒരു സ്ഥലത്താണെങ്കിലോ...................

റോയിയുടെ വീട്ടിലും സ്വന്തം വീട്ടിൽ തന്നെയും ഒരി

ക്കൽ സഹായഅഭ്യർത്ഥന നടത്തിനോക്കിയതാണ്. പക്ഷെ, അവരുടെ മനസ്സുകൾ തണുത്തിട്ടില്ല.

ഞാൻ.........ഞാൻ......നിസ്സഹായയാണ്..................

സിന്ധു പൊട്ടിക്കരഞ്ഞുപോയി..............കൈക്കുമ്പിളിൽ മുഖം പൂഴ്ത്തി..................

സുനിൽ എന്തുചെയ്യണമെന്നറിയാതെ കുഴങ്ങി, ജ്യോതി

മോൾ മടിയില് ഉറങ്ങുകയും. ബാൽക്കണിയിൽ വെളിച്ചമില്ലായിരുന്നു. അതുകൊണ്ട് ആരും കാണില്ലെന്ന് ആശ്വസിച്ചു.

അവൻ അവളുടെ ചുമലിൽ മെല്ലെ തടവി.............

സിന്ധു സ്ഥലകാലങ്ങളിലേക്ക് മടങ്ങിവന്നു, മുഖം തുടച്ചു.

‘‘സോറി.......’’

അവൾ ജ്യോതിമോളെ എടുക്കുമ്പോൾ മർമ്മരംപോലെ പറഞ്ഞു. അവളുടെ മുറിയിൽ നിന്നും സേർവന്റ്, കരയുന്ന ശബ്ദം കേട്ടിട്ടാകാം, എത്തിയിരുന്നു.

വ്യാഴയാഴ്ച പകൽ പതിനൊന്നു മണിക്ക് ചിത്രയിൽ നിന്നും സിന്ധുവിനെ വിളിച്ചു. അവൾ പോയി തിരിച്ചുവരും വരെ സുനിൽ മുറിക്ക് പുറത്ത് കാത്തുനിന്നു.

എല്ലാആശ്രയങ്ങളും തകർന്ന ഒരു സ്ത്രീയുടെ മുഖം നിറഞ്ഞ വെളിച്ചത്തിൽ അവൻ ആദ്യം കാണുകയായിരുന്നു. പത്തുവയസ്സെങ്കിലും അധികരിച്ചതുപോലെ......... കൺതടങ്ങൾ കരുവാളിച്ച്, മുഖം വിയർപ്പും എണ്ണമെഴുക്കും നിറഞ്ഞ്........

അവളുടെ കണ്ണുകൾ ശൂന്യമായി അലഞ്ഞുനടക്കുന്നു.

‘‘റോയി വീക്കാണ്.......... ഹോപ്പ്ലസ്സ്......’’

അവനെക്കടന്നിട്ട് തിരിഞ്ഞു നിന്നവൾ പറഞ്ഞു.

‘‘ഞാൻ ഡോക്ടർ സുനന്ദയെക്കണ്ടു. ഷീ യീസ്സ് നൈസ്സ് ആന്റ് ബ്യൂട്ടി............ ഡോണ്ട് ലോസ്റ്റ് ഹേർ.....’’

പക്ഷെ, സുനിലിൽ ആ വാക്കുകൾ ഒരു പ്രതികരണവുമുണ്ടാക്കിയില്ല. അയാളുടെ മനസ്സിൽ സഹതാപം നിറയുകയായിരുന്നു, സിന്ധുവിനോട്.

അന്നുശേഷവും, പിറ്റേന്നും അവൻ ജ്യോതിമോളെ കൂട്ടിപുറത്തുപോയി ലക്ഷ്യമില്ലാതെ...........

ഓട്ടോയിൽ രണ്ടുവശങ്ങളിലൂടെ പുറത്തേക്ക് നോ

ക്കിയിരുന്ന്, തലസ്ഥാന നഗരി മുഴുവൻ കണ്ടു എപ്പോഴോ വിങ്ങിക്കരഞ്ഞ ജ്യോതിമോളെ മാറോട് ചേർത്ത് സാന്ത്വനമേകി.

‘‘അങ്കിൾ എന്റെ പപ്പ.....’’

മോളെ എല്ലാം മറക്കൂ, ഞാനുണ്ടാകും നിനക്കെന്നു പറയാൻ തോന്നിയതാണ്. പക്ഷെ, അങ്ങിനെ പറഞ്ഞതിനുശേഷം, മോബൈയിലേയ്ക്കുള്ള ഒരു കോൾ ഡോക്ടർ സുനന്ദയുയെതാണെങ്കിൽ ........

വളരെ വൈകിയാണവർ റസ്റ്റോറന്റിൽ എത്തിയത്. കൗണ്ടറിൽ നിന്നുതന്നെ സുനിലിന് സൂചനകിട്ടി. അവർ ശ്രീചിത്രയുടെ എൻക്വയറി

ക്കു മുന്നിൽ  സിന്ധുവിനെ കണ്ടെത്തി, അടുത്തുതന്നെ സേർവെന്റുമുണ്ട്.

‘‘ഫ്രൻസിന്റെ അടുത്തെല്ലാം മെസ്സേജ് എത്തിച്ചുകഴിഞ്ഞു. ആമ്പുലൻസ് റെഡിയാണ്....................... അരമണിക്കൂറിനുള്ളിൽ പാക്കിംഗ് കഴിയുമെന്നാണ് പറഞ്ഞത്...........’’

സിന്ധുവിന്റെ  മാറ്റം സുനിൽ ശ്രദ്ധിച്ചു. അവൾ പറയുന്നത് ദൃഢമായിട്ടാണ്, മുഖത്ത് നിസ്സംഗമായൊരു ഭാവമുണ്ടെങ്കിലും.

ആമ്പുലൻസ് റെസ്റ്റോറന്റിന്റെ മുന്നിലെത്തുമ്പോഴേക്കും മൂന്നുനാലു സ്യഹൃത്തുക്കൾ എത്തിക്കഴിഞ്ഞിരുന്നു, ഫാമിലിയായിട്ട്.

സിന്ധുവിന്റെ റൂം വെക്കേറ്റ് ചെയ്തു ബാഗുകൾ ആബുലൻസിൽ വയ്ക്കുമ്പോഴാണ് സുനിലിന്റെ മോബൈൽ റിഗ് ചെയ്തത്.

‘‘ആരാണ് ?’’

‘‘ഞാൻ സുനന്ദയാണ്’’

സുനിൽ തിരിയുമ്പോൾ ആബുലൻസ് ഓടിത്തുടങ്ങിയിരുന്നു.

സിന്ധുവിന്റെ കണ്ണുകൾ അവനോട് എന്തോ മന്ത്രിക്കുന്നുണ്ട്.......................

@@@@@@